# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 811 07.02.2013-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ എൻ.ആർ.എച്ച്.എം. പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിലെ എൻ.ആർ. എച്ച്.എം. പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ) കൽപ്പറ്റ ജനറൽ ആശുപത്രിയോടനുബന്ധിച്ച് 75 ലക്ഷം രൂപയും വൈത്തിരി താലൂക്ക് ആശുപത്രി യോടനുബന്ധിച്ച് 67.50 ലക്ഷം രൂപയും ചെലവിട്ട് നിർമ്മിക്കുന്ന ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണികൾ പുരോഗമിക്കുന്നു. |
| (ബി) നടപ്പുവർഷം ജില്ലയിലെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (ബി) 2010-11 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വൈത്തിരി താലൂക്ക് ആശുപത്രിയുടെയും മീനങ്ങാടി സി.എച്ച്.സി.യുടേയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തികരിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയെ എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക് ഉയർത്തു ന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു.<br>KASH പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള വൈത്തിരി താലൂക്ക് ആശുപത്രി, സി.എച്ച്.സി മേപ്പാടി, സി.എച്ച്.സി പുൽപ്പള്ളി, പി.എച്ച്.സി എടവക, പി.എച്ച്.സി പുളളിയോട്, ജില്ലാ ആശുപത്രി മാനന്തവാടി എന്നീ സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ പൂർത്തി യായിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അഗ്നിശമന യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br>പോഷകാഹാര വിതരണ പരിപാടി<br>അപ്പപ്പാറ, മേപ്പാടി, പാക്കം, നൂൽപ്പുഴ എന്നീ പി.എച്ച്.സി.കളുടെ പരിധിയിൽ വരുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികൾക്കും കൗമാര പ്രായ ക്കാരായ യുവതികൾക്കും ആഴ്ചയിൽ ഒരു ദിവസം പോഷകാഹാരം നൽകി വരുന്നു. |

ട്രൈബൽ മൊബൈൽ യൂണിറ്റുകൾ

പി.എച്ച്.സി. അപ്പപ്പാറ, നൂൽപ്പുഴ എന്നിവയോടനു ബന്ധിച്ച് എൻ.ആർ.എച്ച്.എം.ന്റെ പ്രത്യേക ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകൾ ആദിവാസി കോളനികളിൽ മെഡിക്കൽ ക്യാമ്പ്, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു.

ആശുപത്രിയിലേക്കുള്ള ഉപകരണങ്ങൾ

ജില്ലാ ആശുപത്രി മാനന്തവാടിയിൽ പ്രവർത്തനമാരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ ഡയാലിസീസ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ ഡീഫിബ്രിലേറ്റർ, കാർഡിയാക് മോണിറ്റർ, ലാപ്രോസ്കോപിക് സെറ്റ്, ഓട്ടോ റെഫ്റാക്ടർ മീറ്റർ, ഒഫ്താൽമിക്, ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, അൾട്രാസൗണ്ട് സ്കാനർ തുടങ്ങിയ ഉപകരണങ്ങളും ജില്ലാ ആശുപത്രിക്ക് നൽകിയിട്ടുണ്ട്.

വൈത്തിരി താലൂക്ക് ആശുപത്രിയിൽ സി ആം മൊബൈൽ ഇമേജ് ഇന്റൻസിഫൈർ, പവർഡ്രിൽ (ഓർത്തോ) സെമി ഓട്ടോ അനലൈസർ തുടങ്ങിയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

നവജാത ശിശുക്കളുടെ സ്റ്റെബിലൈസേഷൻ യൂണിറ്റ് മാനന്തവാടി ജില്ലാ ആശുപത്രിയിലും, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലും ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പു വർഷം ചെലവഴിച്ച തുകയുടെ മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) നടപ്പുവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Name of Block | Hospital Management Committee | Ward Health Sanitation Committee | United Fund Sub Centre | United Fund Others | Annual Maintenance Grant Sub Centre | Annual Maintenance Grant Sub Others | Quality Assurance Programme |
|---|---|---|---|---|---|---|---|
| Mananthavady | 378253 | 1192367 | 393425 | 189037 | 114930 | 110756 | 415770 |
| Kalpetta | 438021 | 1339832 | 413190 | 264472 | 386778 | 189933 | 816730 |
| Bathery | 376620 | 1271358 | 447656 | 299463 | 134139 | 241271 | 575132 |

Section Officer